# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4801 27/06/2014-ൽ മറുപടിയ്ക്ക്

## തെങ്ങുകൃഷിയുടെ പുനരുദ്ധാരണം

ചോദ്യം
പ്രൊഫ. സി. രവീന്ദ്രനാഥ്

മറുപടി
ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) തെങ്ങുകൃഷിയെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ മുൻകയ്യെടുക്കുമോ എന്ന് വിശദമാക്കാമോ;

എ) തെങ്ങു കൃഷിയെ സംരക്ഷിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ മുൻകൈ എടുക്കുന്നതാണ്. 2014-15 വർഷത്തിൽ 4500 ലക്ഷം രൂപയുടെ പദ്ധതികൾ കേര കൃഷി വികസനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നതാണ്. തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത കൃഷി പരിപാലനം, ഹൈബ്രിഡ് /എലൈറ്റ് തെങ്ങിൻ തൈകളുടെ ഉൽപ്പാദനം, കേര ക്ലസ്റ്ററുകൾക്കുള്ള സഹായം, തെങ്ങു കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം എന്നിവയാണ് പദ്ധതി ഘടകങ്ങൾ.

ബി) ഇതിന്മേൽ നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ബി) ഉണ്ട്.

നാളികേര കൃഷിയുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി 2013-14 വർഷം സംസ്ഥാനത്ത് നടപ്പിലാക്കുകയുണ്ടായി. ഇത് അനുസരിച്ച് ഒരു ഹെക്ടർ തെങ്ങിൻ തോട്ടത്തിന് വള പ്രയോഗം, സസ്യ സംരക്ഷണം, തടംതുറക്കൽ, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, രോഗ ബാധിതമായ തെങ്ങുകൾ മുറിച്ചു മാറ്റൽ, പുതിയ തെങ്ങിൻ തൈ നടീൽ എന്നീ ഇനങ്ങൾക്കായി ഒരു ഹെക്ടറിന് പരമാവധി 17500 രൂപയുടെ ധനസഹായം കേര കർഷകർക്ക് നൽകുകയുണ്ടായി. പുനരുദ്ധാരണം നടപ്പിലാക്കിയ രണ്ടാം വർഷ തോട്ടങ്ങൾക്ക് ഹെക്ടറിന് 9100 രൂപ നിരക്കിൽ ധനസഹായം നൽകി. കൂടാതെ 9300 തെങ്ങുകയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ വിതരണം നടത്തി. നാളികേര ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്കായി ക്ലസ്റ്റർ ഒന്നിന് 50000 രൂപ നിരക്കിൽ ധനസഹായവും നൽകി. 2014-15 വർഷത്തിൽ “കേരശ്രീ”

എന്ന പേരിൽ പ്രസ്തുത പദ്ധതി ചില മാറ്റങ്ങളോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. കൂടാതെ "കേര സമൃദ്ധി" എന്ന പേരിൽ നൂതന പദ്ധതി നടപ്പിലാക്കുന്നതാണ്. മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതി പ്രകാരം കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം കേരളപ്പിറവി ദിനമായ 01.11.2013 ൽ ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം കുറിയ / സങ്കരയിനം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന നടത്തി വരുന്നു. നിലവിൽ ഒരു കിലോ പച്ചത്തേങ്ങ 26 രൂപയ്ക്കാണ് സംഭരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ